# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## മാതാവിനോടുള്ള സംരക്ഷണ പ്രാർത്ഥന-Mother Mary




### മാതാവിനോടുള്ള സംരക്ഷണ പ്രാർത്ഥന

ദൈവമാതാവായ പരിശുദ്ധ കന്യാമറിയമേ. മനുഷ്യകുലം മുഴുവന്റെയും മാതാവും മദ്ധ്യസ്ഥയും സഹായവും സംരക്ഷകയുമാകുവാൻ ദൈവം മുൻകൂട്ടി തിരഞ്ഞെടുത്തിരിക്കുന്ന അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ മാതാവും സംരക്ഷകയുമായി ഇന്ന് ഞങ്ങൾ അങ്ങയെ സ്വീകരിക്കുന്നു.

പാപികളും ബലഹീനരുമായ ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും, കുടുംബാംഗങ്ങളെയും , വസ്തുവകകളെയും തിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ മാതാവും സംരക്ഷകയുമായി അങ്ങയെ ഞങ്ങൾ സ്വീകരിക്കുന്നു. പിശാചിന്റെ എല്ലാ ഉപദ്രവങ്ങളിൽനിന്നും തിന്മയുടെ സ്വാധീനങ്ങളിൽനിന്നും, ശാരീരികരോഗങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. പാപത്തിന്റ എല്ലാ ശക്തികളും ഞങ്ങളിൽ നിന്ന് വിട്ടുപോകുവാൻ അമ്മേ, മാതാവേ, ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കണമേ. ഒരുക്കമില്ലാത്ത മരണത്തിൽനിന്നും അപകടങ്ങളിൽനിന്നും പ്രകൃതിക്ഷോഭം, യുദ്ധം, പകർച്ച വ്യാധികൾ, കുടുംബ തകർച്ചകൾ, തടസ്സബന്ധനങ്ങൾ, കവർച്ച, അക്രമം, എന്നിവയിൽനിന്നും ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും സംരക്ഷിക്കേണമേ, ഈ ദിവസം ഞങ്ങൾക്കുണ്ടാകുന്ന സന്തോഷത്തെയും ദുഃഖത്തെയും സമർപ്പിക്കുന്നു. മാതാവേ, അങ്ങേ തിരുക്കുമാരന്റെ ഇഷ്ടമനുസരിച്ച് ഈ ദിവസം ജീവിക്കുവാൻ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ.

+++